**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2630** | **12-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കൃത്യമായി നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ഓഡിറ്റ് അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സഹകരണ നിയമത്തിൽ നിഷ്കർഷിക്കുന്ന സമയത്ത് ആഡിറ്റ് പൂർത്തിയാക്കുന്നതിന് മുൻകൂർ വാർഷിക പ്രോഗ്രാം തയ്യാറാക്കി ആയതനുസരിച്ച് ആഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു. ആഡിറ്റ് പുരോഗതി സംസ്ഥാന/ജില്ലാ/സർക്കിൾ തലത്തിൽ പ്രതിമാസം അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. വിവിധ കാരണങ്ങളാൽ കോടതിയിലോ, പോലീസിലോ റിക്കാർഡുകൾ സൂക്ഷിച്ചതു കൊണ്ടും, കണക്കെഴുതി പൂർത്തിയാക്കുന്നതിൽ കാലതാമസമുള്ളതു കൊണ്ടും സോഫ്റ്റ് വെയറിൽ കൃത്രിമം കാണിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ ആഡിറ്റ് ഒഴികെ മറ്റ് ആഡിറ്റുകൾ അനുവദനീയമായ സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് നടപടികൾ വേഗത്തിലാക്കാൻ പ്രസ്തുത വിഭാഗത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുമോ? | (ബി) | ഈ വിഷയത്തിൽ വിശദമായ പഠനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ